**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പുത്തൂക്ക ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ബി.സി. രാധാകൃഷ്ണനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1539/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 11.05.2017

==========================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 19.02.2013-ലെ ഡി2-27865/2012 നമ്പർ കത്ത്

2. സർക്കാരിന്റെ 16.06.2014-ലെ 53458/ഇപിബി2/2013/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3. ശ്രീ. ബി.സി. രാധാകൃഷ്ണൻ സമർപ്പിച്ച 30.03.2016-ലെ മറുപടി

4. 20.04.2016-ലെ 53458/ഇപിബി2/2013/തസ്വഭവ നമ്പർ സർക്കാർ കത്ത്

5. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 22.03.2017-ലെ AI(3)3945/16/GW നമ്പർ കത്ത്

**ഉത്തരവ്**

പുത്തൂക്ക ഗ്രാമപഞ്ചായത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിന് നടപടിക്രമങ്ങൾ പാലിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക പിൻവലിച്ചതിന് ആ കാലയളവിലെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ബി.സി. രാധാകൃഷ്ണനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ടി കുറ്റത്തിന് കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം നടപടി സ്വീകരിച്ച് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്ന് 200/- രൂപ ഒരു വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ച മറുപടിയിൽ തന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ ഒരു വർഷത്തേക്ക് കുറവ് ചെയ്യുവാനുള്ള താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുവാനും ഇക്കാര്യത്തിൽ തുടർനടപടികൾ തന്റെ പേരിൽ നിന്നും ഒഴിവാക്കി അന്തിമ തീരുമാനം ഉണ്ടാകണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു.

ശ്രീ. രാധാകൃഷ്ണന്റെ അച്ചടക്ക നടപടി തീർപ്പാക്കുന്നതിലേക്കായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ ഒരു വർഷത്തേക്ക് കുറവ് ചെയ്യുവാനുള്ള താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിനായി പരാമർശം (4) പ്രകാരം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം

ആരാഞ്ഞതിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (5) പ്രകാരം ടി തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പുത്തൂക്ക ഗ്രാമപഞ്ചായത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് നടപടിക്രമങ്ങൾ പാലിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക പിൻവലിച്ചതിനെതിരെ പുത്തൂക്ക ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ബി.സി. രാധാകൃഷ്ണനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം ഒരു വർഷത്തേക്ക് കുറവ് ചെയ്യുക എന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി

1. ശ്രീ. ബി.സി. രാധാകൃഷ്ണൻ, മുൻ സെക്രട്ടറി, പുത്തൂക്ക ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.53458/ഇപിബി2/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ